**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1371** | **07-02-2023 - ൽ മറുപടിയ്ക്ക്**

**ചലഞ്ച് ഫണ്ട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിച്ച് നൽകിയിട്ടുണ്ട്; ഇവയുടെ ജില്ല തിരിച്ചുള്ള പട്ടികയും അനുവദിക്കപ്പെട്ട തുകയും ലഭ്യമാക്കാമോ; | (എ) | **ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം എയ്ഡഡ് സ്കൂളുകൾക്ക് സർക്കാർ നേരിട്ട് കെട്ടിടം നിർമ്മിച്ച് നൽകുന്നില്ല. ഭരണാനുമതി ലഭ്യമാകുന്ന സ്കൂളുകളിൽ നിലവിലെ മാർഗ്ഗ നിർദ്ദേശാനുസരണമായി മാനേജ്മെന്റ് നിർമ്മാണം നടത്തി ബില്ലുകൾ നൽകുന്നതനുസരിച്ച് സർക്കാർ വിഹിതം അനുവദിച്ച് നൽകുകയാണ് ചെയ്യുന്നത്. ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം ഭരണാനുമതി നൽകിയ 91 സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.** |
| (ബി) | ചലഞ്ച് ഫണ്ട് ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളോ നിബന്ധനകളോ ഉണ്ടെങ്കിൽ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (ബി) | **സംസ്ഥാനത്തെ എയ്ഡഡ് മേഖലയിലെ സ്കൂളുകൾക്ക് ചലഞ്ച് ഫണ്ട് അനുവദിക്കുന്നതിനായി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവി ച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

| ചലഞ്ച് ഫണ്ട് ഭരണാനുമതി നൽകിയ സ്കൂളുകളുടെ പട്ടിക | | | |
|---|---|---|---|
| ക്രമ നം. | സ്കൂളിന്റെ പേര് | ജില്ല | സർക്കാർ വിഹിതമായി അനുവദിക്കേണ്ടുന്ന തുക |
| 1 | ഹോളിക്രോസ് എൽ.പി.എസ്. പാലപ്പൂര് | തിരുവനന്തപുരം | 25 ലക്ഷം |
| 2 | എൻ.എസ്. വി.വി. എച്ച്.എസ്.എസ്. വാളക്കോട് പുനലൂർ കൊല്ലം | കൊല്ലം | 50 ലക്ഷം |
| 3 | എം.എസ്. എം. ഹയർ സെക്കന്ററി സ്കൂൾ ചാത്തിനാംകുളം കൊല്ലം | കൊല്ലം | 50 ലക്ഷം |
| 4 | കല്ലുവാതുക്കൽ യു.പി.എസ്. | കൊല്ലം | 25 ലക്ഷം |
| 5 | മന്നം മെമ്മോറിയൽ എച്ച്.എസ്.എസ്. സ്കൂൾ വിളക്കുടി | കൊല്ലം | 50 ലക്ഷം |
| 6 | എ.പി.എൻ.എം.സി.എം.എസ്. യു.പി. സ്കൂൾ കുളത്തൂപ്പുഴ | കൊല്ലം | 17.50 ലക്ഷം |
| 7 | വേലായുധ വിലാസം വി.എച്ച്.എസ്.എസ്. അയത്തിൽ | കൊല്ലം | 50 ലക്ഷം |
| 8 | പി.കെ. പി.എം. എൻ.എസ്.എസ്. യു.പി. സ്കൂൾ തെക്കേവിള, കൊല്ലം | കൊല്ലം | 40 ലക്ഷം |
| 9 | ഖാദിരിയ്യ എച്ച്.എസ്. കോട്ടുകാട് | കൊല്ലം | 50 ലക്ഷം |
| 10 | സെന്റ് പോൾ എം.എസ്.സി. എൽ.പി.എസ്. ചെമ്പനരുവി | കൊല്ലം | 25 ലക്ഷം |
| 11 | രാമവിലാസം വി.എച്ച്.എസ്. വാളകം | കൊല്ലം | 50 ലക്ഷം |
| 12 | സെന്റ് ജോസഫ്സ് എച്ച്.എസ്. കൂളത്തൂർ | പത്തനംതിട്ട | 50 ലക്ഷം |
| 13 | ചേർത്തല മതിലകം ലിറ്റിൽ ഫ്ളവർ യു.പി. സ്കൂൾ ആലപ്പുഴ | ആലപ്പുഴ | 40 ലക്ഷം |
| 14 | മാന്നാർ നായർ സമാജം ഹയർ സെക്കന്ററി സ്കൂൾ | ആലപ്പുഴ | 35 ലക്ഷം |
| 15 | സ്വാമി വിവേകാനന്ദ ഹയർ സെക്കന്ററി സ്കൂൾ പാണ്ടനാട് | ആലപ്പുഴ | 50 ലക്ഷം |
| 16 | പാട്ടുകുളം എസ്.ആർ.ആർ. എൽ.പി. സ്കൂൾ ചെട്ടിക്കാട് ആലപ്പുഴ | ആലപ്പുഴ | 25 ലക്ഷം |
| 17 | സെന്റ് മൈക്കിൾസ് ഹൈസ്കൂൾ തത്തംപള്ളി ആലപ്പുഴ | ആലപ്പുഴ | 50 ലക്ഷം |
| 18 | തിരുവമ്പാടി എച്ച്.എസ്.എസ്. | ആലപ്പുഴ | 50 ലക്ഷം |

| | | | |
|---|---|---|---|
| 19 | സെന്റ് മേരീസ് എച്ച്.എസ്.എസ്. ചമ്പകുളം | ആലപ്പുഴ | 50 ലക്ഷം |
| 20 | സെന്റ് സേവ്യേഴ്സ് യു.പി.എസ്. പച്ച് ചെക്കിടിക്കാട് | ആലപ്പുഴ | 25 ലക്ഷം |
| 21 | സെന്റ് ജോസഫ്സ് ഗേൾസ് എച്ച്.എസ്. | ആലപ്പുഴ | 20 ലക്ഷം |
| 22 | ഇ.കെ.സി.കെ. യൂണിയൻ എച്ച്.എസ്. കുത്തിയതോട് | ആലപ്പുഴ | 7.5 ലക്ഷം |
| 23 | സെന്റ് റോക്കീസ് യു.പി. സ്കൂൾ, കോട്ടയം | കോട്ടയം | 40 ലക്ഷം |
| 24 | എൻ.എസ്.എം.സി.എം.എസ്. എൽ.പി. സ്കൂൾ, മൂലേടം | കോട്ടയം | 2 ലക്ഷത്തി ഇരുപതിനായിരം |
| 25 | സെന്റ് തോമസ് യു.പി. സ്കൂൾ കുറുമുള്ളൂർ | കോട്ടയം | 40 ലക്ഷം |
| 26 | ശ്രീകൃഷ്ണ വി.എച്ച്.എസ്.എസ്. കുറിച്ചിത്താനം, കോട്ടയം | കോട്ടയം | 50 ലക്ഷം |
| 27 | സെന്റ് ലിറ്റിൽ തെരേസാസ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ വൈക്കം | കോട്ടയം | 50 ലക്ഷം |
| 28 | സെന്റ് ജോസഫ് എൽ.പി. സ്കൂൾ ഇരവിമംഗലം | കോട്ടയം | 25 ലക്ഷം |
| 29 | വി.ബി.യു.പി. സ്കൂൾ തൃക്കൊടിത്താനം | കോട്ടയം | 30 ലക്ഷം |
| 30 | സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂൾ മുരിക്കാശ്ശേരി ഇടുക്കി | ഇടുക്കി | 50 ലക്ഷം |
| 31 | എസ്.എൻ.ഡി.പി. വി.എച്ച്.എസ്.എസ്. അടിമാലി | ഇടുക്കി | 50 ലക്ഷം |
| 32 | ക്രിസ്തുരാജ് എച്ച്.എസ്. വലിയതോവാള | ഇടുക്കി | 50 ലക്ഷം |
| 33 | ഭഗവതി വിലാസം ഹയർ സെക്കന്ററി സ്കൂൾ എറണാകുളം | എറണാകുളം | 23 ലക്ഷം |
| 34 | എബനേസർ ഹയർ സെക്കന്ററി സ്കൂൾ വിട്ടൂർ നെല്ലാട്. പി.ഒ. മൂവാറ്റുപുഴ | എറണാകുളം | 50 ലക്ഷം |
| 35 | എസ്.എൻ.വി. സംസ്കൃതം എച്ച്.എസ്. നന്ത്യാട്ട്കുന്ന് നോർത്ത് പരവൂർ | എറണാകുളം | 50 ലക്ഷം |
| 36 | സെന്റ് ജോർജ് എച്ച്.എസ്. ആരകുന്നം | എറണാകുളം | 25 ലക്ഷം |
| 37 | സെന്റ് തെരേസാസ് യു.പി. സ്കൂൾ മണലൂർ തൃശൂർ | തൃശൂർ | 40 ലക്ഷം |
| 38 | സെന്റ് ജോർജ്ജ് എച്ച്.എസ്.എസ്. പരിയാരം തൃശൂർ | തൃശൂർ | 40 ലക്ഷം |

| | | | |
|---|---|---|---|
| 39 | സെന്റ് സേവ്യേഴ്സ് യു.പി. സ്കൂൾ വേലൂർ തൃശൂർ | തൃശൂർ | 40 ലക്ഷം |
| 40 | സെന്റ് ഫ്രാൻസിസ് എൽ.പി.സ്കൂൾ പുതുശ്ശേരി, തൃശൂർ | തൃശൂർ | 25 ലക്ഷം |
| 41 | എസ്.എച്ച്. ഓഫ് മേരീസ് സി.ജി.എച്ച്.എസ്. കണ്ടശ്ശാംകടവ് തൃശൂർ | തൃശൂർ | 50 ലക്ഷം |
| 42 | സെന്റ്മേരീസ് എൽ.പി. എസ്. മതിലകം | തൃശൂർ | 20 ലക്ഷം |
| 43 | എസ്.എൻ.ജി. എസ്.എസ്.യു.പി.എസ്. എടക്കുളം, തൃശൂർ | തൃശൂർ | 25 ലക്ഷം |
| 44 | എസ്.എൻ.യു.പി.എസ്. പെരിഞ്ഞനം | തൃശൂർ | 32 ലക്ഷം |
| 45 | കൃഷ്ണ വിലാസം യു.പി. സ്കൂൾ മനക്കുളങ്ങര, തൃശൂർ | തൃശൂർ | 40 ലക്ഷം |
| 46 | സെന്റ് ജോർജ്ജ് എച്ച്.എസ്.എസ്. പരിയാരം | തൃശൂർ | 40 ലക്ഷം |
| 47 | സെന്റ് ജോസഫ് ഹയർ സെക്കന്ററി സ്കൂൾ മതിലകം | തൃശൂർ | 50 ലക്ഷം |
| 48 | സരസ്വതി വിലാസം എൽ.പി. എസ്. അന്നനാട് | തൃശൂർ | 25 ലക്ഷം |
| 49 | എസ്.എസ്.എം. എച്ച്.എസ്. അഴിക്കോട് | തൃശൂർ | 50 ലക്ഷം |
| 50 | ശ്രീനാരായണ വിലാസം എൽ.പി. & യു.പി. കൊടുങ്ങല്ലൂർ | തൃശൂർ | 40 ലക്ഷം |
| 51 | എം.ഇ.എസ്.എച്ച്.എസ്.എസ്. ശ്രീനാരായ പുരം വെമ്പല്ലൂർ | തൃശൂർ | 50 ലക്ഷം |
| 52 | എസ്.എൻ.വി. എൽ.പി.എസ്. എടത്തുരുത്തി | തൃശൂർ | 25 ലക്ഷം |
| 53 | റ്റി.പി.പി. യോഗം സ്കൂൾ പൂല്ലൂറ്റ് | തൃശൂർ | 25 ലക്ഷം |
| 54 | സെന്റ് മേരീസ് എൽ.പി. സ്കൂൾ മംഗലഗിരി പാലക്കാട് | പാലക്കാട് | 25 ലക്ഷം |
| 55 | എ.യു.പി. സ്കൂൾ ചങ്ങലീരി | പാലക്കാട് | 40 ലക്ഷം |
| 56 | സെന്റ് സ്റ്റീഫൻസ് എൽ.പി. സ്കൂൾ രാജഗിരി, കള്ളമല | പാലക്കാട് | 25 ലക്ഷം |
| 57 | കല്ലടി അബ്ദുഹാജി എച്ച്.എസ്.എസ്. കോട്ടോപ്പാടം | പാലക്കാട് | 20 ലക്ഷം |
| 58 | കൊടക്കാട് എ.യു.പി. സ്കൂൾ മലപ്പുറം | മലപ്പുറം | 10 ലക്ഷം |
| 59 | എ.യു.പി. സ്കൂൾ അഴിഞ്ഞിലം മലപ്പുറം | മലപ്പുറം | 25 ലക്ഷം |

| | | | |
|---|---|---|---|
| 60 | എ.എം.എൽ.പി.എസ്. രാമപുരം മലപ്പുറം | മലപ്പുറം | 12.5 ലക്ഷം |
| 61 | എം.ഇ.എച്ച്.എസ്.എസ്. പൊന്നാനി മലപ്പുറം | മലപ്പുറം | 25 ലക്ഷം |
| 62 | കറുത്തേടത്ത് എ.എം.എൽ.പി. സ്കൂൾ | മലപ്പുറം | 25 ലക്ഷം |
| 63 | എം.എസ്.എം. ഹയർ സെക്കന്ററി സ്കൂൾ കല്ലിങ്കൽപറമ്പ, കൽപകഞ്ചേരി | മലപ്പുറം | 50 ലക്ഷം |
| 64 | എം.ഇ.എസ്. എച്ച്.എസ്.എസ്. മമ്പാട് | മലപ്പുറം | 25 ലക്ഷം |
| 65 | എ.എം.യു.പി.എസ്. കൂട്ടിൽ, മങ്കട | മലപ്പുറം | 25 ലക്ഷം |
| 66 | നേറ്റീവ് എ.യു.പി. സ്കൂൾ വള്ളിക്കുന്ന് മലപ്പുറം | മലപ്പുറം | 40 ലക്ഷം |
| 67 | എ.എച്ച്.എൽ.പി.എസ്. രാമപുരം | മലപ്പുറം | 14 ലക്ഷം |
| 68 | മന്തരത്തൂർ എം.എൽ.പി. സ്കൂൾ തോടന്നൂർ | കോഴിക്കോട് | 24 ലക്ഷം |
| 69 | ദേവർ കോവിൽ വെസ്റ്റ് എൽ.പി. സ്കൂൾ | കോഴിക്കോട് | 10 ലക്ഷം |
| 70 | ചെട്യാത്ത് യു.പി. സ്കൂൾ പുതുപ്പണം വടകര | കോഴിക്കോട് | 40 ലക്ഷം |
| 71 | മന്നത്ത്കാവ് യു.പി. സ്കൂൾ കോഴിക്കോട് | കോഴിക്കോട് | 40 ലക്ഷം |
| 72 | മുട്ടുങ്ങൽ വി.ഡി.എൽ.പി.എസ്. | കോഴിക്കോട് | 20 ലക്ഷം |
| 73 | എസ്.വി.എൽ.പി.എസ്. പെരുമുണ്ടച്ചേരി | കോഴിക്കോട് | 12.5 ലക്ഷം |
| 74 | കുനിങ്ങാട് എൽ.പി.എസ്. കോഴിക്കോട് | കോഴിക്കോട് | 20 ലക്ഷം |
| 75 | വേങ്ങാട് മാപ്പിള യു.പി. സ്കൂൾ തലശ്ശേരി, കണ്ണൂർ | കണ്ണൂർ | 40 ലക്ഷം |
| 76 | എസ്.എൻ.ഡി.പി. എൽ.പി.എസ്. തിരുമേനി കണ്ണൂർ | കണ്ണൂർ | 10 ലക്ഷം |
| 77 | മേരിലാന്റ് ഹൈസ്കൂൾ മടമ്പം | കണ്ണൂർ | 50 ലക്ഷം |
| 78 | ചെറുകുന്ന് മുസ്ലീം എൽ.പി. സ്കൂൾ പള്ളിച്ചാൽ | കണ്ണൂർ | 25 ലക്ഷം |
| 79 | സെന്റ് മേരീസ് എൽ.പി. സ്കൂൾ പുന്നച്ചേരി | കണ്ണൂർ | 25 ലക്ഷം |
| 80 | ചെറുതാഴം എ.എൽ.പി. സ്കൂൾ മണ്ടൂർ | കണ്ണൂർ | 25 ലക്ഷം |
| 81 | അബ്ദുറഹിമാൻ സ്മാരക യു.പി. സ്കൂൾ ചെണ്ടയാട് | കണ്ണൂർ | 38 ലക്ഷം |

| | | | |
|---|---|---|---|
| 82 | താവത്ത് ദേവീ വിലാസം എൽ.പി. സ്കൂൾ | കണ്ണൂർ | 25 ലക്ഷം |
| 83 | സെന്റ് ജോർജ്ജ് ഹൈസ്കൂൾ ചെമ്പന്തൊട്ടി | കണ്ണൂർ | 40 ലക്ഷം |
| 84 | എരിപുരം ചെങ്ങൽ എൽ.പി.എസ്. | കണ്ണൂർ | 25 ലക്ഷം |
| 85 | എ.യു.പി. സ്കൂൾ ഏറ്റടുക്ക | കണ്ണൂർ | 25 ലക്ഷം |
| 86 | കാപ്പാട് മദ്രസ എൽ.പി.സ്കൂൾ | കണ്ണൂർ | 19 ലക്ഷം |
| 87 | എൻ.കെ. മമ്മദ് മാസ്റ്റർ മെമ്മോറിയൽ എം. എൽ.പി.എസ്. | കണ്ണൂർ | 25 ലക്ഷം |
| 88 | ഉദിനൂർ സെൻട്രൽ എ.യു.പി. സ്കൂൾ കാസറഗോഡ് | കാസറഗോഡ് | 40 ലക്ഷം |
| 89 | സെന്റ് മേരീസ് എ.യു.പി. സ്കൂൾ മാലക്കല്ല്, കാസറഗോഡ് | കാസറഗോഡ് | 40 ലക്ഷം |
| 90 | ഹോളി ഫാമിലി എച്ച്.എസ്.എസ്. രാജപുരം കാസറഗോഡ് | കാസറഗോഡ് | 50 ലക്ഷം |
| 91 | എ.എൽ.പി. സ്കൂൾ കള്ളാർ | കാസർഗോഡ് | 25 ലക്ഷം |

സെക്ഷൻ ഓഫീസർ

അനുബന്ധം -2

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - നിയോജകമണ്ഡല ആസ്തി വികസന പദ്ധതി - ബഡ്ജറ്റിൽ പ്രഖ്യാപിച്ച ചലഞ്ച് ഫണ്ട് പദ്ധതിക്കായി ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

---

ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്

സ.ഉ.(അച്ചടി) നം. 30/2018/ധന. തിരുവനന്തപുരം,തീയതി : 01.03.2018

---

പരാമർശം : 1. 2017-18 ലെ ബഡ്ജറ്റ് പ്രസംഗം

2. സ.ഉ.(അ) നം. 109/2017/ധന. തീയതി 18.08.2017

## ഉത്തരവ്

2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 45 പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നവീകരണത്തിനായി ചലഞ്ച് ഫണ്ട് രൂപീകരിക്കുന്നതായും ആയതിലേക്കായി 50 കോടി രൂപ വകയിരുത്തുന്നതായും ബഹു.ധനമന്ത്രി പ്രസ്താവിച്ചിട്ടുണ്ട്. സ്കൂൾ മാനേജ്മെന്റ്/ സ്കൂൾ സംരക്ഷണ സമിതി സമാഹരിക്കുന്ന തുകയ്ക്ക് ആനുപാതികമായ തുകയോ പരമാവധി 1 കോടി രൂപയോ ഇതിലേക്കായി സർക്കാർ നൽകുമെന്ന് പ്രസ്താവിച്ചിട്ടുണ്ട്.

ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ചലഞ്ച് ഫണ്ട് പദ്ധതി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. എയ്ഡഡ് മേഖലയിലെ LP, UP, HS, HSS വിഭാഗങ്ങളിൽപ്പെട്ട സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി അതത് മാനേജ്മെന്റുകൾ നിക്ഷേപിച്ചിട്ടുള്ള തുകയ്ക്ക് ആനുപാതികമായിട്ടാണ് സർക്കാർ ചലഞ്ച് ഫണ്ട് അനുവദിക്കുന്നത്. മാനേജ്മെന്റ് വിഹിതവും സർക്കാർ വിഹിതവും 1 : 1 എന്ന അനുപാതത്തിൽ ആയിരിക്കും. സർക്കാർ വിഹിതവും മാനേജ്മെന്റ് വിഹിതവും ഉൾപ്പെടെ പരമാവധി 1 കോടി രൂപ ഇപ്രകാരം ഒരു സ്കൂളിനായി സമാഹരിക്കാവുന്നതാണ്.
2. ആനുപാതികമായി നൽകുന്ന സർക്കാർ വിഹിതം ചലഞ്ച് ഫണ്ടിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ള പ്രത്യേക ശീർഷകത്തിൽ നിന്നോ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നോ ആയിരിക്കും നൽകുക. സ്കൂളുകൾ ശുപാർശകൾ

സമർപ്പിക്കുന്നതിന്റെ മുൻഗണനാ ക്രമത്തിൽ, ബഡ്ജറ്റ് വിഹിതത്തിൽ അധികരിക്കാതെയായിരിക്കും പ്രത്യേക ശീർഷകത്തിൽ നിന്നുള്ള ഫണ്ട് അനുവദിക്കുന്നത്. നിയമസഭാ സാമാജികർക്ക് ചലഞ്ച് ഫണ്ട് പദ്ധതിയുടെ ഭാഗമായി ആനുപാതിക സർക്കാർ വിഹിതം വഹിക്കാൻ താൽപ്പര്യമുള്ള പക്ഷം താഴെപ്പറയുന്ന പരിധികൾക്കും ആസ്തി വികസന ഫണ്ടിന്റെ മാനദണ്ഡങ്ങൾക്കും വിധേയമായി പ്രസ്തുത തുക അനുവദിക്കുന്നതായിരിക്കും.

3. വിവിധ വിഭാഗത്തിൽപ്പെട്ട സ്കൂളുകൾക്ക് ചലഞ്ച് ഫണ്ടിനായുള്ള പ്രത്യേക ശീർഷകത്തിൽ നിന്നോ അല്ലെങ്കിൽ ആസ്തി വികസന ഫണ്ടിൽ നിന്നോ ഇപ്രകാരം അനുവദിക്കുന്ന പരമാവധി സർക്കാർ വിഹിതം ചുവടെ നൽകുന്നു.

   LP – 25 ലക്ഷം, UP – 25 ലക്ഷം, LP & UP – 40 ലക്ഷം,

   LP, UP & HS – 50 ലക്ഷം, HSS – 50 ലക്ഷം.

4. ചലഞ്ച് ഫണ്ട് (സർക്കാർ വിഹിതവും മാനേജ്മെന്റ് വിഹിതവും), സമഗ്രമായി തയ്യാറാക്കിയ ഒരു മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുന്ന താഴെപ്പറയുന്ന പ്രവൃത്തികൾക്ക് വിനിയോഗിക്കേണ്ടതാണ്.

   i) സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് / നവീകരിക്കുന്നതിന്
   ii) ലൈബ്രറി/ ലബോറട്ടറി
   iii) ഹൈടെക്/ സ്മാർട്ട് ക്ലാസ്സ് റൂമുകൾ
   iv) നിലവിലുള്ള സ്കൂൾ സ്റ്റേഡിയങ്ങളുടെ നവീകരണം
   v) ശുചിമുറി നിർമ്മാണം
   vi) പാചകപ്പുര/ ഡൈനിംഗ് ഹാൾ
   vii) കുടിവെള്ള സൗകര്യം ഒരുക്കുന്നതിന്

   *വാഹനങ്ങൾ വാങ്ങുന്നതിനോ ഭൂമി വാങ്ങുന്നതിനോ ചലഞ്ച് ഫണ്ട് വിനിയോഗിക്കരുത്.*

5. ചലഞ്ച് ഫണ്ട് പദ്ധതിയിൽ പരിഗണിക്കുന്നതിനായി സ്കൂളുകളിൽ അവശ്യം വേണ്ട വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു:

   ഗ്രാമീണ മേഖലയിൽ : LP – 50, UP – 50, LP & UP – 100, HS – 200,
   Composite Schools – 400, HSS – 200

   നഗര മേഖലയിൽ : LP – 75, UP – 100, LP & UP – 150, HS – 250,
   Composite Schools – 500, HSS – 200

6. തീരദേശ മേഖലയിലെയും ആദിവാസി മേഖലയിലെയും സ്കൂളുകൾ, വെൽഫെയർ സ്കൂളുകൾ, സിംഗിൾ മാനേജ്മെന്റ് സ്കൂളുകൾ എന്നിവയ്ക്കായിരിക്കും ഈ പദ്ധതിയിൽ മുൻഗണന. ഇവയിൽ സിംഗിൾ മാനേജ്മെന്റ് സ്കൂളുകൾ/ സ്റ്റാഫ് മാനേജ്മെന്റ് സ്കൂൾ എന്നിവയ്ക്ക് പ്രഥമ പരിഗണന നൽകുന്നതായിരിക്കും.

7. ചലഞ്ച് ഫണ്ടിലേക്കായി മാനേജ്മെന്റ് വിഹിതം നിക്ഷേപിച്ചതിന്റെ രേഖകൾ സഹിതം സ്കൂളുകൾ സമർപ്പിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും പ്രവൃത്തികൾക്കുള്ള ഭരണാനുമതി പുറപ്പെടുവിക്കുന്നത്. ആസ്തി വികസന ഫണ്ടിൽ നിന്നുള്ള തുക കൂടി വിനിയോഗിക്കുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട എം.എൽ.എ.യുടെ കത്തും ഉൾപ്പെടുത്തേണ്ടതാണ്. ഇത്തരം ശുപാർശകൾ ബന്ധപ്പെട്ട DEO/ AEO മാർ അതത് DDE മുഖാന്തിരം (HSS ആണെങ്കിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ) ജില്ലാ കളക്ടർമാർക്ക് കൈമാറേണ്ടതും ജില്ലാ കളക്ടർ ആയത് പരിശോധിച്ച് ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി പ്രസ്തുത തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. മാനേജ്മെന്റ് വിഹിതം ബന്ധപ്പെട്ട അക്കൗണ്ടിൽ നിക്ഷേപിച്ചതിന്റെ രേഖകൾ സഹിതമാകണം ആസ്തി വികസന ഫണ്ട് വിഹിതത്തിനുള്ള ശുപാർശ ജില്ലാ കളക്ടർമാർക്ക് സമർപ്പിക്കേണ്ടത്. തുടർന്ന് ജില്ലാ കളക്ടർ മുഴുവൻ തുകയ്ക്കുമുള്ള ഭരണാനുമതി പുറപ്പെടുവിക്കേണ്ടതുമാണ്. സർക്കാർ വിഹിതം ചലഞ്ച് ഫണ്ടിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ള പ്രത്യേക ശീർഷകത്തിൽ നിന്നാണെങ്കിൽ DEO/ AEO അത്തരം ശുപാർശകൾ DDE മുഖേന DPI യ്ക്ക് സമർപ്പിക്കുകയും DPI (HSS ആണെങ്കിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ) ആയത് പരിശോധിച്ച് ഭരണാനുമതി പുറപ്പെടുവിക്കേണ്ടതുമാണ് .

8. ചലഞ്ച് ഫണ്ടിനായുള്ള മാനേജ്മെന്റ് വിഹിതം പ്രധാനാധ്യാപകന്റെ മേൽനോട്ടത്തിലുള്ള സ്കൂളിന്റെ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. മാനേജ്മെന്റ് വിഹിതം ലഭ്യമായിട്ടുണ്ടെന്ന് DEO/ AEO സാക്ഷ്യപ്പെടുത്തുന്ന മുറയ്ക്കായിരിക്കും സർക്കാർ വിഹിതം അനുവദിക്കുന്നത്. സർക്കാർ വിഹിതം ചലഞ്ച് ഫണ്ടിനായി തുറന്നിട്ടുള്ള ഒരു പ്രത്യേക TSB അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. TSB അക്കൗണ്ടിൽ നിന്നും തുക പിൻവലിക്കുന്നത് പ്രവർത്തന പുരോഗതി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലോ പർച്ചേസുകളാണെങ്കിൽ സാക്ഷ്യപ്പെടുത്തിയ ബില്ലുകളെ അടിസ്ഥാനമാക്കിയോ ആയിരിക്കണം. പരമാവധി തുകയിൽ അധികരിക്കാതെ, ബിൽ തുകയുടെ 50% ആയിരിക്കും സർക്കാർ വിഹിതത്തിൽ നിന്നും ഇപ്രകാരം പിൻവലിക്കാൻ അനുവദിക്കുക. പാർട്ട് ബില്ലുകൾക്കും ഇതേ രീതി

പിൻതുടരേണ്ടതാണ്. അക്രഡിറ്റഡ് ഏജൻസികൾക്ക് മുൻകൂറായി തുക അനുവദിക്കുമ്പോൾ ഇതിനായുള്ള നിലവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടായിരിക്കണം പ്രസ്തുത തുക അനുവദിക്കേണ്ടത്.

9. വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങൾ, ബഡ്ജറ്റ് പ്രസംഗത്തിന്റെ (2017-18) ഖണ്ഡിക 43 പ്രകാരം ഉൾപ്പെട്ടിട്ടുള്ള സ്കൂളുകൾ എന്നിവ ഈ പദ്ധതി പ്രകാരം സർക്കാരിന്റെ ധനസഹായത്തിന് അർഹമല്ല.

10. ഓരോ മാനേജ്മെന്റിനും ഒറ്റത്തവണ മാത്രമേ ഈ പദ്ധതി പ്രകാരം സർക്കാർ സഹായം ലഭിക്കുകയുള്ളൂ.

11. പദ്ധതിയിലുൾപ്പെട്ട് ആനുകൂല്യം ലഭിക്കുന്നതിനായി ഓരോ സ്കൂളും തങ്ങളുടെ മാസ്റ്റർപ്ലാൻ അവതരിപ്പിക്കേണ്ടതാണ്. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള രൂപരേഖ പരിശോധിക്കുന്നതിനായി നിയോഗിച്ച വിദഗ്ദ സമിതി പ്രസ്തുത മാസ്റ്റർ പ്ലാൻ പരിശോധിച്ച് തൃപ്തികരമാണെന്ന് റിപ്പോർട്ട് ചെയ്താൽ മാത്രമേ ഭൗതികസാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണിക്കുകയുള്ളൂ.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**മിൻഹാജ് ആലം ഐ.എ.എസ്**
**സെക്രട്ടറി (ധനകാര്യ റിസോഴ്സസ്)**

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), ( ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം,
2. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
3. ബഹു. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
4. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
5. എല്ലാ മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
6. എല്ലാ എം.എൽ.എ. മാർക്കും
7. എല്ലാ ഭരണവകുപ്പുകൾക്കും
8. എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും
9. എല്ലാ ജില്ലാ കളക്ടർമാർക്കും
10. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്ക്
11. അഡീഷണൽ സെക്രട്ടറി, ധനകാര്യ പരിശോധനാ വിഭാഗം
12. എല്ലാ ചീഫ് എഞ്ചിനീയർമാർക്കും
13. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
14. എല്ലാ ട്രഷറി ഓഫീസർമാർക്കും
15. നോഡൽ ഓഫീസർ, www.finance.kerala.gov.in
16. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

**സെക്ഷൻ ഓഫീസർ**

9-

# കേരള സർക്കാർ

**സംഗ്രഹം**

ധനകാര്യ വകുപ്പ് - നിയോജകമണ്ഡല ആസ്തി വികസന പദ്ധതി - ചലഞ്ച് ഫണ്ട് പദ്ധതിക്കായുള്ള മാർഗ്ഗരേഖ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

## ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്

സ.ഉ.(അച്ചടി) നം. 156/2019/ധന.

തിരുവനന്തപുരം,തീയതി : 15/11/2019.

**പരാമർശം:** 1. സ.ഉ.(അച്ചടി) നം. 109/2017/ധന. തീയതി 18/08/2017.
2. സ.ഉ.(അച്ചടി) നം. 30/2018/ധന. തീയതി 01/03/2018.
3. സ.ഉ.(അച്ചടി) നം. 24/2019/ധന. തീയതി 06/03/2019.
4. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 23/10/2019 ലെ ഡബ്ല്യു1/30602/2018/ഡി.ജി.ഇ നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1) മുതൽ (3) വരെയുള്ള ഉത്തരവുകൾ പ്രകാരം എയ്ഡഡ് സ്കൂളുകളുടെ നവീകരണത്തിനായി രൂപീകരിച്ച ചലഞ്ച് ഫണ്ട് പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ വിഹിതവും മാനേജ്മെന്റ് വിഹിതവും 1 : 1 എന്ന അനുപാതത്തിൽ ഒരു സ്കൂളിന് പരമാവധി ഒരു കോടി രൂപ വരെ ചലഞ്ച് ഫണ്ടായി സമാഹരിക്കാവുന്നതാണ്. പരാമർശം (2), (3) ഉത്തരവുകൾ പ്രകാരം ചലഞ്ച് ഫണ്ടിനായുള്ള മാനേജ്മെന്റ് വിഹിതം സ്കൂളിന്റെ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. എന്നാൽ ട്രഷറിയിൽ നിന്ന് പണം പിൻവലിച്ച് പ്രവൃത്തികൾ തുടങ്ങുവാൻ ബുദ്ധിമുട്ട് നേരിടുന്നുവെന്നും ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് പകരം പ്രസ്തുത പണം ഉപയോഗിച്ച് പ്രവൃത്തികൾ നേരിട്ട് ചെയ്യാൻ അനുവദിക്കണമെന്നും മാനേജ്മെന്റുകൾ അറിയിച്ചതായി പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിലേക്കായി പദ്ധതിയുടെ മാനദണ്ഡങ്ങൾ ഭേദഗതി ചെയ്യേണ്ടതിനുള്ള നിർദ്ദേശങ്ങൾ പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പാരമർശം (4) പ്രകാരം സമർപ്പിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചലഞ്ച് ഫണ്ട് പദ്ധതി നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ പറയും പ്രകാരം പരിഷ്കരിച്ച് ഉത്തരവാകുന്നു.

1. ചലഞ്ച് ഫണ്ട് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് അതത് മാനേജ്മെന്റുകൾ ഒരു മാസ്റ്റർ പ്ലാൻ സമർപ്പിക്കേണ്ടതും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയർ ആയതനുസരിച്ച് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കേണ്ടതുമാണ്. അപ്രകാരം സമർപ്പിക്കുന്ന പ്ലാനും എസ്റ്റിമേറ്റും അംഗീകരിച്ച് പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പ്രവൃത്തികൾക്കുള്ള ഭരണാനുമതി പുറപ്പെടുവിക്കേണ്ടതാണ്. ഭരണാനുമതിക്ക് വിധേയമായി ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രവൃത്തിക്കുള്ള നിർമ്മാണാനുമതി ഉത്തരവ് നൽകേണ്ടതുമാണ്. നിർമ്മാണാനുമതി ലഭിച്ചാലുടൻ ബന്ധപ്പെട്ട ഡി.ഇ.ഒ/എ.ഇ.ഒ മുൻപാകെ മാനേജ്മെന്റ്/പ്രധാനാധ്യാപകൻ നിശ്ചിത

പ്രൊഫോർമ്മയിലുള്ള എഗ്രിമെന്റ് വയ്ക്കേണ്ടതും പ്രസ്തുത വിവരം പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറെ അറിയിക്കേണ്ടതുമാണ്.

2. ചലഞ്ച് ഫണ്ടിനായുള്ള മാനേജ്മെന്റ് വിഹിതം ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതില്ല. പകരം പ്രസ്തുത വിഹിതം ഉപയോഗിച്ച് മാനേജ്മെന്റിന് പ്രവൃത്തി ആരംഭിക്കാവുന്നതാണ്. സർക്കാർ വിഹിതം ലഭിക്കുന്നതിലേക്കായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയർ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തേണ്ടതാണ്. പ്രവർത്തന പുരോഗതിയുടെ അടിസ്ഥാനത്തിൽ സമർപ്പിക്കുന്ന ബില്ലിന്റെ 50%, 01/03/2018 ലെ സ.ഉ(അച്ചടി)നം.30/2018/ധന ഖണ്ഡിക (3) പ്രകാരമുള്ള പരമാവധി തുകയിൽ അധികരിക്കാതെ, സർക്കാർ വിഹിതമായി അനുവദിക്കുന്നതാണ്. സർക്കാർ വിഹിതം അനുവദിക്കുന്നതിനുള്ള ശിപാർശകൾ പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരിശോധിച്ച് ധനകാര്യ വകുപ്പിന്റെ അനുമതിക്കായി അയയ്ക്കേണ്ടതാണ്.

3. 01/03/2018 ന് മുൻപ് ആരംഭിച്ച പ്രവൃത്തികൾക്ക് ചലഞ്ച് ഫണ്ട് പദ്ധതിക്ക് കീഴിലുള്ള സർക്കാർ വിഹിതത്തിന് അർഹതയില്ല. എന്നാൽ 01/03/2018 ന് ശേഷം ആരംഭിച്ചതും ചലഞ്ച് ഫണ്ട് പദ്ധതിയിൽ ഇത് വരെ ഉൾപ്പെടാത്തതുമായ പ്രവൃത്തികൾക്ക് വേണ്ടി സർക്കാർ വിഹിതത്തിനായി അപേക്ഷിക്കാവുന്നതാണ്. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയർ ഇത്തരം പ്രവൃത്തികളുടെ വാല്യു നിശ്ചയിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിക്കാൻ വേണ്ടി വരുന്ന തുകയുടെ 50%, 01/03/2018 ലെ സ.ഉ(അച്ചടി)നം.30/2018/ധന ഖണ്ഡിക (3) പ്രകാരമുള്ള പരമാവധി തുകയിൽ അധികരിക്കാതെ, ചലഞ്ച് ഫണ്ട് പദ്ധതിയുടെ മറ്റ് മാനദണ്ഡങ്ങൾക്ക് വിധേയമായി, സർക്കാർ വിഹിതമായി അനുവദിക്കുന്നതാണ്.

4. താഴെ പറയുന്ന പ്രവൃത്തികളെ കൂടി ചലഞ്ച് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തുന്നു.

a) സ്കൂൾ സ്റ്റേഡിയങ്ങളുടെ നിർമ്മാണവും നവീകരണവും/കളിസ്ഥല നിർമ്മാണം.

b) സ്കൂൾ ചുറ്റുമതിൽ നിർമ്മാണം.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**കെ.എസ്. ഉഷ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

**പകർപ്പ് :**

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), ( ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം,
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം.
3. ബഹു. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
4. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
5. എല്ലാ മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്



Sheela
സെക്ഷൻ ഓഫീസർ